## 119

യേശുരാജാ നിൻതിരു പാദത്തിൽ
വന്ദനം വന്ദനം വന്ദനം!
പ്രാണനാഥാ നിൻ മുറിവിൽ സദാ
ചുംബനം ചുംബനം ചുംബനം!

1 എന്നെ തേടി വന്ന ദേവ ദേവനേ
എന്റെ ശാപം തീർത്ത നല്ല നാഥനേ
തിരുച്ചോരചിന്തി എന്നെ വീ   താൽ
വന്ദനം വന്ദനം വന്ദനം!

2 പാപച്ചേറ്റിൽ നിന്നെൻ പാദം പാറമേൽ
നിർത്തി പാടാൻ പുതുഗീതം തന്നതാൽ
സ്തുതി സ്തോത്രം സ്വീകരിപ്പാൻ യോഗ്യൻ നീ
വന്ദനം വന്ദനം വന്ദനം!

3 എന്റെ പേർക്കായ് മരിച്ചെന്നാൽ മൂന്നാം നാൾ
ഉയിർത്തിന്നു താതൻ വലഭാഗത്തായ്
പക്ഷവാദം ചെയ്യും മഹാ സ്നേഹമേ!
വന്ദനം വന്ദനം വന്ദനം!

4 തിരുതേജസ് എനിക്കും തന്നിടുവാൻ
വേഗം വാനിൽ വരും പ്രാണപ്രിയാ നിൻ
തിരുപാദം പണിഞ്ഞെന്നും പാടിടും
വന്ദനം വന്ദനം വന്ദനം! **A.V.**